പോലീസ് വകുപ്പ്

കേരളം

# PROCEEDINGS OF THE DISTRICT POLICE CHIEF

**ജില്ലാ പോലീസ് ഓഫീസ്, മലപ്പുറം**

**സാന്നിദ്ധ്യം : അബ്ദുൾ കരീം യു ഐ പി എസ്**

വിഷയം : മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കണമെന്ന സർക്കാർ നയം നടപ്പിലാക്കുന്നതും ഔദ്യോഗിക ഭാഷ വ്യാപകമാക്കുന്നതും സംബന്ധിച്ച കാര്യത്തിൽ നടപടിയെടുക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ച് ഉതരവാകുന്നത് സംബന്ധിച്ച്

സൂചന : 1. 16.08.2019 തിയ്യതിയിലെ ഔ .ഭാ 2/66/2019/ഉ.ഭ.പ.വ നമ്പറിലുള്ള സർക്കാർ കത്ത്
2. 03.10.2019 തിയ്യതിയിലെ പോലീസ് ആസ്ഥാനത് നിന്നുള്ള സി4-68989/2017 നമ്പറിലുള്ള മേലെഴുത്ത്

**ഉത്തരവ് നമ്പർ : G1-66883/2019/MM തീയതി. 07-02-2020**

മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കണമെന്ന സർക്കാർ നയം നടപ്പിലാക്കുന്നതിനും,ഔദ്യോഗിക ഭാഷ വ്യാപകമാക്കുന്നതിന്റെയും ഭാഗമായി വകുപ്പുകളുമായി ബന്ധപ്പെട്ട ദ്വിഭാഷയിലാക്കിയ ഫോറങ്ങൾ/സർട്ടിഫിക്കറ്റുകൾ മുതലായ സംബന്ധിച്ച വിവരങ്ങൾ, പരിഭാഷാ സെല്ലിന്റെ പ്രവർത്തനം, ഭാഷാപുരോഗതിക്കായി നടത്തിയ പ്രവർത്തനങ്ങൾ, വെബ്സൈറ്റ് ദ്വിഭാഷയിലാക്കിയത് സംബന്ധിച്ച റിപ്പോർട്ട്, വകുപ്പ് തല സമിതി യോഗം ചേർന്ന് സ്വീകരിച്ച നടപടി റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുള്ളതാണ്. കൂടാതെ ഓരോ മാസങ്ങളിലും എല്ലാ ഓഫീസുകളിലും സബ് ഓഫീസുകളിലും ഔദ്യോഗിക ഭാഷാ യോഗങ്ങൾ നിർബന്ധമായും ചേരേണ്ടതാണെന്നും ആയതിന്റെ നടപടിക്കുറിപ്പുകൾ വകുപ്പ് മേധാവിക്കും, ജില്ലാ കലക്ടർക്കും അയച്ചുകൊടുക്കേണ്ടാതാനെന്നും, ഇംഗ്ലീഷിലുള്ള വിവരങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താൻ ഓരോ ഓഫീസുകളിലും ഓഫീസ് തലവന്റെ നേതൃത്വത്തിൽ പരിഭാഷാ സെൽ രൂപീകരിക്കണമെന്നും, കൂടാതെ വെബ്സൈറ്റ് ദ്വിഭാഷയിലാക്കുന്നതിനായി ഓരോ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെകുറിച്ചും, കൈകാര്യം ചെയ്യുന്ന വിഷയയങ്ങളെകുറിച്ചും പ്രധാന ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ഫോൺ നമ്പർ ഉൾപ്പെടെ വകുപ്പിന് കീഴിലുള്ള മറ്റ് ഓഫീസുകളുടെ വിവരങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പ്രത്യേക ഡോക്യുമെന്റ് ആക്കി സോഫ്റ്റ് കോപ്പി, ഹാർഡ് കോപ്പി എന്നിവ അയച്ചുകൊടുക്കേണ്ടാതാണെന്നും ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജില്ലാ ഔദ്യോഗികഭാഷാ ഏകോപന സമിതിയുടെ യോഗത്തിൽ നിർദേശിക്കപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ ഈ ഓഫീസുമായി ബന്ധപെട്ട കാര്യങ്ങളിൽ ആവശ്യമായ നടപടിയെടുക്കുന്നതിനായി താഴെ കാണുന്ന അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. അഡീഷണൽ എസ്.പി -ചെയർമാൻ
2. അഡ്മിനിട്രേറ്റീവ് അസിസ്റ്റന്റ് -കൺവീനർ
3. മാനേജർ -മെമ്പർ
4. ജൂനിയർ സൂപ്രണ്ട് - 1 -മെമ്പർ
5. ജൂനിയർ സൂപ്രണ്ട് - 2 -മെമ്പർ
6. ജൂനിയർ സൂപ്രണ്ട് - 3 -മെമ്പർ
7. ജൂനിയർ സൂപ്രണ്ട് - 4 -മെമ്പർ
8. ജൂനിയർ സൂപ്രണ്ട് - 5 -മെമ്പർ
9. ഫെയർ കോപ്പി സൂപ്രണ്ട് -മെമ്പർ

കമ്മിറ്റി, മേൽ കാര്യങ്ങളിൽ ആവശ്യമായ നടപടിയെടുത്ത് യഥാസമയം ബന്ധപ്പെട്ട ഓഫീസുകളിലേക്ക് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

07-02-2020

G1-66883/2019/MM

505b59

അബ്ദുൾ കരീം യു ഐ പി എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ അംഗങ്ങൾക്കും അറിവിലേക്കും അനന്തര നടപടിക്കുമായി

പകർപ്പ് : എല്ലാ ഓഫീസർമാർക്കും, ഭരണ വഭാഗം ജീവനക്കാർക്കും അറിവിലേക്കും അനന്തര നടപടിക്കുമായി

Internal Administrative Processing System
iAPS
KERALA POLICE